"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തൊഴിലും നൈപുണ്യവും വകുപ്പ് - ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ ഗസറ്റഡ് തസ്തികയിലെ ജീവനക്കാർക്ക് കോമ്പൻസേഷൻ അവധി ആനുകൂല്യം അനുവദിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.694/2024/LBR തീയതി,തിരുവനന്തപുരം, 30-06-2024

---

പരാമർശം:- 1) 07.10.2022 ലെ സ.ഉ(പി)നം.123/2022/ധന

2) 24.08.2023 ലെ സ.ഉ(കൈ)നം.231/2023/H&FWD.

3) ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുടെ 05.09.2023 ലെ ബി2-3421/2023/ഡി.ഐ.എം.എസ് നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പരാമർശം (1) ലെ സർക്കാർ ഉത്തരവ് നിലവിൽ വരുന്നതിനു മുൻപ് അനുവദനീയമായിരുന്ന കോമ്പൻസേഷൻ അവധി പരാമർശം (2) ലെ ഉത്തരവ് പ്രകാരം ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽ പുനഃസ്ഥാപിച്ചതിനു സമാനമായി ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ മിനിസ്റ്റീരിയൽ ജീവനക്കാർ ഒഴികെയുള്ള ഓഫീസ് തലവന്മാർ, ഗസറ്റഡ് ജീവനക്കാർ എന്നീ വിഭാഗങ്ങളിൽ ഉള്ള ആശുപത്രി/സാങ്കേതിക വിഭാഗം ജീവനക്കാർക്ക് കെഎസ്ആർ ഭാഗം 1 Appendix VII, Section III(vii)-ൽ ഇളവ് നൽകി കോമ്പൻസേഷൻ അവധി ആനുകൂല്യം അനുവദിക്കണമെന്ന് ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് ഡയറക്ടർ പരാമർശം (3) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സർവ്വീസ് ചട്ടങ്ങൾ, ഭാഗം I Appendix VII, Section III (vii) ൽ ഇളവ് നൽകി പരാമർശം (2) ലെ ഉത്തരവിന് സമാനമായി ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ മിനിസ്റ്റീരിയൽ ജീവനക്കാർ ഒഴികെയുള്ള ഓഫീസ് തലവന്മാർ, ഗസറ്റഡ് ജീവനക്കാർ എന്നീ വിഭാഗങ്ങളിൽ ഉൾപ്പെടെയുള്ള ആശുപത്രി/സാങ്കേതിക വിഭാഗം ജീവനക്കാർക്ക് പരാമർശം (1) ലെ സർക്കാർ ഉത്തരവ് നിലവിൽ വരുന്നതിനു മുൻപ് അനുവദനീയമായിരുന്ന കോമ്പൻസേഷൻ അവധി ആനുകൂല്യം തുടർന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) (ഓഡിറ്റ്), തിരുവനന്തപുരം .

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാരിന്റെ ഔദ്യോഗിക വെബ്‌ബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

ധനകാര്യ വകുപ്പ് (No.RULES-B1/26/2023-FIN (2408306) തീയതി: 3-06-2024) പ്രകാരം

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Ajish Kumar A

Date: 04-07-2024 11:53:57

സെക്ഷൻ ഓഫീസർ

പകർപ്പ് :- ബഹു.പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.